# മുല്ലപ്പെരിയാർ
# ജനലക്ഷങ്ങൾ മരണഭീതിയിൽ

സുലൈമാൻ.കെ.എം.

*(കഴിഞ്ഞലക്കം തുടർച്ച)*

**മന്ത്രിമാരും** പ്രതിപക്ഷ നേതാക്കളും സ്പിൽവേയിലെ കല്ലും മണ്ണും നീക്കുവാൻ ആവശ്യപ്പെട്ടിട്ടും നടന്നില്ല. 2005 ൽ വനം, ജലസേചന വകുപ്പു മന്ത്രി മുല്ലപ്പെരിയാർ ഡാമിലെത്തി കല്ലും മണ്ണും നീക്കുവാൻ നേതൃത്വം നൽകി. എന്നിട്ടും പൂർണ്ണമായി നീക്കിയിട്ടില്ല. 1979 നുശേഷം ജലനിരപ്പ് 11 തവണ 136 അടിക്കു മുകളിൽ നിറഞ്ഞുകവിഞ്ഞ് പെരിയാറ്റിലേക്ക് ഒഴുകി. ഇതിൽ 97 ൽ 1437 അടി ജലമുണ്ടായിരുന്നു. കേരളത്തിൽ ജൂൺ മാസം മുതൽ ആരംഭിക്കുന്ന മൺസൂൺ സമയത്ത് കേരളത്തിൽ പെയ്യുന്ന ശരാശരി മഴയിലും കുറവാണ് തേക്കടിയിൽ പെയ്യുന്നത്. ഇത് കുറേ വർഷങ്ങളായിട്ടുണ്ട്. വടക്കു കിഴക്ക് മൺസൂൺ ആണ് ഒക്ടോബർ, നവംബർ മാസങ്ങളിൽ.

തമിഴാനാടിന്റെ അതിർത്തിയോടു ചേർന്നു കിടക്കുന്ന വെള്ളിമല അപ്പർമല, ശിവഗിരിമല, ചക്കാംപെട്ടി, മംഗളാദേവി തേക്കടി എന്നീ വിസ്തൃത മായ ഭൂപ്രദേശങ്ങളിലെ മലമുകളിൽ പെയ്യുന്ന മഴയാണ് മുല്ലയാറും പെരിയാറും മുല്ലക്കുടി എന്ന സ്ഥലത്ത് ഒന്നിച്ചു ചേർന്ന് മുല്ലപ്പെരിയാറ്റിൽ ഒഴുകിയെ ത്തുന്നത്. ഈ പ്രദേശങ്ങൾ മുഴുവൻ പെരിയാർ ടൈഗർ റിസർവ്വേഷൻ ഏരിയായാണ്. 777 ച.കി. മീറ്ററാണ് ഇതിന്റെ വിസ്തീർണ്ണം. മുല്ലപ്പെരിയാറിന്റെ ഉത്ഭവ പ്രദേശങ്ങൾ ഇടതൂർന്ന മഴക്കാടുകളാണ്. മഴമേഘ ങ്ങൾ ഇവിടെത്തന്നെ നിന്ന് പെയ്യുന്നതിന് കാരണം ഈ കാടുകളാണ്. സ്പോഞ്ച് പോലത്തെ മണ്ണാണ് മഴപെയ്ത് ഇറങ്ങുന്ന വെള്ളം മണ്ണിൽ കനിഞ്ഞിറങ്ങി അവിടെ തങ്ങുകയാണ്. ഇതിൽ ചില പ്രദേശങ്ങൾ തമിഴ്നാടിന്റെയാണ് എന്ന് അവർ നുണപ്രചരണം നടത്തുന്നുണ്ട്. (ഉദാ: മംഗളാദേവി) പക്ഷേ ഈ ഭൂപ്രദേശങ്ങളെല്ലാം പൂർണ്ണമായി കേരളത്തിന്റേതാണ്. ഇപ്പോൾ നമ്മുടെ നാട്ടിൽ ചില പ്രശ്നങ്ങളു ണ്ടാക്കുവാൻ പീരുമേട്, ദേവികുളം, ഉടുമ്പൻചോല താലൂക്കുകൾ തമിഴ്നാടിന് അവകാശപ്പെട്ടതാണെന്ന് തമിഴ്നാട്ടിൽ ചില രാഷ്ട്രീയ പാർട്ടികൾ പ്രചരണം നടത്തുന്നു. 2000-2001 വർഷങ്ങളിൽ കേരളത്തിലെ ചില സ്ഥലങ്ങളിൽ ഭൂചലനം ഉണ്ടാകുകയും ഇതിനോടനു ബന്ധിച്ച് ഭൗമശാസ്ത്ര പഠനകേന്ദ്രം മുല്ലപ്പെരിയാർ മേഖലയിൽ പഠനം നടത്തി ഭൂചലന സാദ്ധ്യതയുള്ള പ്രദേശമാണെന്നു കണ്ടെത്തി യിട്ടുണ്ട്.

മുല്ലപ്പെരിയാർ കേസ് സുപ്രീം കോടതിയിൽ വന്നപ്പോൾ തമിഴ്നാട് സർക്കാർ ശക്തമായി സുപ്രീം കോടതിയിൽ കേസ് നടത്തുകയും ഭരണകൂടങ്ങളിൽ സ്വാധീനം ഉപയോഗിക്കുകയും ചെയ്തപ്പോൾ കേരളം ഭരിച്ച സർക്കാരുകൾ കേസ് നടത്തുന്നതിൽ ഗുരുതര മായ വീഴ്ചകൾ നടത്തുകയും കേരളത്തിന്റെ ഖജനാ വിൽ നിന്നും കോടിക്കണക്കിന് രൂപ ചിലവഴിക്കുകയും സംസ്ഥാനത്തെ ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷി ക്കാതെ ഒരു പറ്റം ഉദ്യോഗസ്ഥ പ്രഭുക്കന്മാരും, രാഷ്ട്രീയ നേതാക്കളും തമിഴ്നാട് സർക്കാരിന്റെ ബഡ്ജറ്റിൽ ഓഡിറ്റില്ലാത്ത കോടികൾ തട്ടിയെടുക്കു കയും ചെയ്ത കാര്യം കേരളത്തിൽ അങ്ങാടിപ്പാട്ടായി. കേസ് നടത്തിപ്പിലെ അപാകതകളാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേരളം പരാജയപ്പെട്ടത്. മുല്ലപ്പെരിയാർ കേസ് സുപ്രീം കോടതിയിൽ കേരളത്തിന് അനുകൂലമായ സാഹചര്യം ഉണ്ടായാൽ ഡാമിലെ അധികജലം തമിഴ്നാട്ടിലേക്ക് കൊണ്ടുപോകു ന്നതിനു വേണ്ടി എരച്ചിപ്പാലം വഴി കനാൽ നിർമ്മിക്കു ന്നതിന് കേന്ദ്ര പരിസ്ഥിതി കാര്യാലയ വകുപ്പിന്റെ അനുമതിക്ക് തമിഴ്നാട് ശ്രമിക്കുകയും 2007 ഫെബ്രുവരി മാസം തമിഴ്നാടിന്റെ വനഭൂമിയിലൂടെ കനാൽ നിർമ്മാണത്തിനുള്ള അനുമതി കിട്ടുകയും ചെയ്തു.


ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 2006 ഫെബ്രുവരി 27-ാം തീയതിയിലെ കേരളത്തിന് എതിരായ വിധിയും കേരളത്തിലും തമിഴ്നാട്ടിലും ഉണ്ടായിക്കൊ ണ്ടിരിക്കുന്ന ഭൂചലനങ്ങളും മുല്ലപ്പെരി യാർ വീണ്ടും ഒരു വലിയ ചർച്ചാ വിഷയമായി മാറി. ബ്രിട്ടീഷ് ഭരണത്തിൽ മദ്രാസ് ഗവർണറുടെ പ്രത്യേക താൽപര്യ പ്രകാരം ബ്രിട്ടീഷുകാർ നിയന്ത്രിച്ചിരുന്ന തിരുവിതാംകൂർ മഹാരാജാവും 1886 ഒക്ടോബർ 29 ന് ഒപ്പുവച്ച പാട്ടക്കരാറിന്റെ പരിണാമമാണ് ഇന്നത്തെ മുല്ലപ്പെരിയാർ. ഇന്ത്യാ മഹാരാജ്യം സ്വതന്ത്രമായതിനു ശേഷവും സംസ്ഥാനങ്ങൾ നിലവിൽ വന്നതിനു ശേഷവും ഇന്ത്യയുടെ ഭരണഘടനയിലും നീതി നിർവ്വഹണത്തിലും പല മാറ്റങ്ങൾ ഉണ്ടായിട്ടും ജനാധിപത്യ പ്രക്രിയയിലൂടെ കേരളത്തിലും തമിഴ്നാട്ടിലും വിവിധ രാഷ്ട്രീയ പാർട്ടികളുടെ സർക്കാരുകൾ മാറി മാറി ഭരണം നടത്തി യിട്ടും ഭാരതത്തിന്റെ പരമോന്നത നീതിന്യായ കോടതി യിലും പൂർണ്ണമായും കേരളത്തിന്റെ പൊതുസ്വത്തായ മുല്ലപ്പെരിയാർ അണക്കെട്ടും അണക്കെട്ടിലെ ജലത്തി ന്റെയും തർക്കപ്രശ്നങ്ങൾക്ക് ശാശ്വതമായ ഒരു പരിഹാരം കാണുവാൻ സാധിച്ചില്ല.

112 വർഷം പഴക്കം ചെന്ന അണക്കെട്ട് ഡി-കമ്മീ ഷൻ ചെയ്യണമെന്നും നിലവിലുള്ള അണക്കെട്ടിൽ നിന്ന് തമിഴ്നാട്ടിലെ ജനങ്ങൾക്ക് കുടിക്കുവാനും കൃഷിക്കും ആവശ്യമായ ജലം നൽകുവാൻ സാധിക്കുന്ന വിധത്തിൽ ഡി-കമ്മീഷൻ നടപടികൾ മുമ്പോട്ട് കൊണ്ടുപോകണ മെന്നും 1886ലെ പാട്ട ക്കരാറിനും 1941 അമ്പയറുടെ വിധി ക്കും വിരുദ്ധമായി വൈദ്യുതി ഉത്പാദനം നടത്തുന്നതു കൊണ്ടും മാത്രമാണ് മുല്ലപ്പെരിയാറിലെ വെള്ളം തമിഴ്നാട്ടി ലെ കർഷകർക്ക് കൃഷിക്ക് ആവശ്യമുള്ള അവസരങ്ങളിൽ ലഭിക്കാതെ പോകുന്നത് എന്ന് മനസ്സിലാക്കണം.

മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയർത്തിയാൽ

അതീവ ജൈവപ്രാധാന്യമുള്ള പ്രദേശങ്ങൾ ജലത്തിൽ മുങ്ങി പോകുകയും തേക്കടിയിലെ ടൂറിസം നശിക്കുകയും, ടൂറിസത്തേയും വനത്തേയും ആശ്രയിച്ചു കഴിയുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള ആയിരക്കണക്കിനാളുകളുടെ തൊഴിലും ജീവനും താമസസ്ഥലത്തിനും ഭീഷണിയുണ്ടാകുകയും ചെയ്യുന്നു. 112 വർഷമായിട്ട് മുല്ലപ്പെരിയാർ ഡാമിൽ നിന്നും പെരിയാർ പുഴയിലേക്ക് ജലം ഒഴുകാത്തതിന്റെ ഭാഗമായി ഉപ്പുതറ, വണ്ടിപെരിയാർ, അയ്യപ്പൻകോവിൽ, ഏലപ്പാറ എന്നീ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് കുടിവെള്ളം പേലും കിട്ടാത്ത സാഹചര്യം ഉണ്ട്. അതുപോലെ പെരിയാർ പുഴയുടെ തീരങ്ങളിലെ ജൈവസമ്പത്തും, മത്സ്യസമ്പത്തും എന്നന്നേക്കുമായി നഷ്ടപ്പെട്ടു.

ഉടനെ പുതിയ അണക്കെട്ട് പണിയുക ക്ഷിപ്രസാദ്ധ്യമല്ല എന്ന് ഈ വിഷയത്തെപ്പറ്റി പഠിച്ചിട്ടുള്ളവർക്കൊക്കെ അറിയാവുന്ന കാര്യമാണ്. തമിഴ്നാട്ടിലെ ഇപ്പോൾ നാലു ജില്ലകളിൽ കൃഷി ചെയ്ത് അമിതമായ കീടനാശിനി പ്രയോഗം നടത്തി കേരളത്തിലേക്ക് കയറ്റിവിടുന്ന 1200 കോടി രൂപയുടെ കാർഷിക ഉൽപ്പന്നങ്ങളും 1000 കോടിയുടെ വൈദ്യുതി ഉൽപ്പാദനവും 400 കോടി രൂപയുടെ കുപ്പി വെള്ള വിൽപ്പനയും മേൽ പ്രസ്താവിച്ചിട്ടുള്ള ഭൂപ്രദേശങ്ങളെ സമ്പന്നതയുടെ നാടാക്കി മാറ്റുകയും ചെയ്ത തമിഴ്നാടിനു വേണ്ടി ഒരു സംരക്ഷിത മേഖലക്കുള്ളിൽ ഒരു പുതിയ ഡാം നിർമ്മിക്കേണ്ടത് ആരാണ് എന്ന വിഷയം കേരളത്തിൽ പരക്കെ ചർച്ച ചെയ്യപ്പെടേണ്ട താണ്. കേരളത്തിലെ നാലു ജില്ലകളിലെ ജനങ്ങളെ മരണത്തിന്റെ മുൾമുനയിൽ നിർത്തിക്കൊണ്ട് മുല്ലപ്പെരിയാർ ഡാമിന്റെ താഴ്‌വാരത്തിൽ നിന്നും അഞ്ചു കിലോമീറ്റർ ദൂരത്ത് വള്ളക്കടവു മുതൽ കറുപ്പുപാലം- വണ്ടിപ്പെരിയാർ ടൗൺ പ്രദേശം മ്ലാമല, കീരിക്കര, ചപ്പാത്ത്, നാലാംമൈൽ, പരപ്പ്, ഉപ്പുതറ, അയ്യപ്പൻ കോവിൽ പ്രദേശത്തെ പതിനായിരക്കണക്കിന് ജനങ്ങളേയും ലോകത്തിലെ ഏറ്റവും നല്ല ജൈവ പ്രാധാന്യമുള്ള ഭൂപ്രദേശങ്ങളും നഷ്ടപ്പെടുത്തിക്കൊണ്ടും അതോടൊപ്പം തന്നെ കേരളത്തെ ഭീഷണിപ്പെടുത്തിക്കൊണ്ട് തമിഴ്നാടിന്റെ വ്യവസായിക താൽപര്യങ്ങൾ സംരക്ഷിക്കുവാൻ പുതിയൊരു ഡാം നിർമ്മിക്കാൻ നമ്മൾ തയ്യാറായാൽ എത്ര വർഷം എടുക്കുമെന്ന് നാം ഒന്ന് വിലയിരുത്തണം. പുതിയ ഡാം നിർമ്മിക്കുന്നതിന് മുമ്പായി നിലവിലുള്ള ഡാം സുരക്ഷിതത്വമാണോ എന്ന് ഒരു അന്താരാഷ്ട്ര ഏജൻസിയെക്കൊണ്ട് പഠനം നടത്തുവാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാവണം. ഒരു സംരക്ഷിത മേഖല ക്കുള്ളിൽ നടത്തപ്പെടേണ്ട ഈ നിർമ്മാണപദ്ധതി ഉണ്ടാക്കാവുന്ന പരിസ്ഥിതി അഗാധ പഠനങ്ങൾക്കു ശേഷം മാത്രമേ പുതിയ അണക്കെട്ട് നിർമ്മാണത്തെപ്പറ്റി ആലോചിക്കുവാൻ കൂടി കഴിയൂ. പെരിയാർ ടൈഗർ പ്രോജക്ടിൽ ജനങ്ങളുടേയും യന്ത്രങ്ങളുടേയും സാന്നിദ്ധ്യം വന്യജീവി സംരക്ഷണ കേന്ദ്രത്തെ എങ്ങനെ സംരക്ഷിക്കും എന്നുകൂടി ചിന്തിക്കണം. കൂടാതെ തമിഴ്നാട് ഏറെ കൊട്ടിഘോഷിക്കുന്ന 999 വർഷത്തെ കരാർ നിലനിർത്തിക്കൊണ്ടുള്ള പുതിയ അണക്കെട്ട് നിർമ്മാണം മുല്ലപ്പെരിയാർ ജലത്തിന്റെ കാര്യത്തിൽ കേരളത്തിനുള്ള ന്യായമായ അവകാശങ്ങൾ ശാശ്വതമായി പരിഹരിക്കും എന്ന കാര്യവും പരിഗണിക്കേണ്ടതുണ്ട്. തിരുവിതാംകൂറിലെ മഹാരാജാവിനെ ഭയപ്പെടുത്തി നിർബന്ധിച്ച് എഴുതി വാങ്ങിയ പ്രസ്തുത കരാറിന് തമിഴ്നാട് വാദിക്കുന്നത്ര പവിത്രതയൊന്നുമില്ലെന്ന് അവരോടു പറയുവാൻ ഇനിയും നമ്മൾ അമാന്തിക്കരുത്. തമിഴ്നാട്ടിലെ ജനങ്ങൾക്ക് ജലം കൊടുക്കില്ല എന്ന് കേരളത്തിലെ സർക്കാരുകളോ കേരള ജനതയോ ഇന്നു വരെ പറഞ്ഞിട്ടില്ല. നമ്മുടെ സഹോദരന്മാർക്ക് കൃഷിക്കും കുടിവെള്ളത്തിനും കഴിഞ്ഞ 112 വർഷമായി നമ്മൾ ജലം കൊടുത്തുകൊണ്ടേയിരിക്കുന്നു. ഇനിയും അത് തുടരുകയും ചെയ്യും. അണക്കെട്ട് തകർന്നാൽ നിരവധി കേരളീയരുടെ ജീവനും വസ്തുവകകളും നഷ്ടപ്പെടുമെന്ന സത്യത്തിന്റെ കൂടെ തമിഴ്നാട്ടിലെ ജനങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യം കുടിവെള്ളം കിട്ടാതെ നിങ്ങൾ മരിക്കും എന്ന കാര്യമാണ്. ഇത് തമിഴ്നാട്ടിലെ ജനങ്ങൾ മനസ്സിലാക്കണം. ഇവയൊക്കെ മുന്നിൽ കണ്ടുകൊണ്ടാണ് കാലാവധി കഴിഞ്ഞ അണക്കെട്ട് തമിഴ്നാട്ടിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത വിധത്തിൽ കേരളത്തിലെ ആബാലവൃദ്ധം ജനലക്ഷങ്ങളുടെ ജീവൻ നിലനിർത്തുവാൻ മുല്ലപ്പെരിയാർ ഡാം ഡി-കമ്മീഷൻ ചെയ്യണമെന്ന് കേരളീയർ ആവശ്യപ്പെടുന്നത്. പുതിയ ഡാം നിർമ്മിക്കപ്പെടേണ്ടതാണെങ്കിൽ തമിഴ്നാട് നിർമ്മാണം നടത്തുകയും ഡാമിന്റെ ഭരണച്ചുമതല കേരളത്തിന് നൽകുകയും പുതിയ കരാർ വ്യവസ്തകൾ നടപ്പിലാക്കുകയും ചെയ്യണമെന്നും കരാർ ലംഘനപ്രകാരം നിർമ്മിച്ചിരിക്കുന്ന ബേബി ഡാം പൊളിച്ചുമാറ്റണമെന്നും ആവശ്യപ്പെടുന്നു. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ്നാടിന്റെ രാഷ്ട്രീയ ഭീഷണിക്കുമുമ്പിൽ മുല്ലപ്പെരിയാർ വിഷയം പരിഹരിക്കപ്പെടേണ്ടതാണ്.



മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാട് ജലം കൊണ്ടുപോകുന്നു

*മുല്ലപ്പെരിയാർ പഠനസമിതി, തേക്കടി, 9447937381*